"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ഗതാഗത പുനക്രമീകരണത്തിനും അന്തർസംസ്ഥാന ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുമായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു 33,75,99,631/-രൂപയുടെ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2026/2024/LSGD തീയതി,തിരുവനന്തപുരം, 23-10-2024

---

പരാമർശം:-
1. 22.03.2022-ലെ സ.ഉ.(സാധാ)നം.703/2022/തസ്വഭവ ഉത്തരവ്
2. 19.06.2023 ലെ സ.ഉ (സാധാ) 4684/2023/ധന ഉത്തരവ്
3. 21.07.2023-ലെ സ.ഉ(സാധാ)നം. 1489/2023/LSGD ഉത്തരവ്
4. തിരുവനന്തപുരം ജില്ലാകളക്ടറുടെ 30.07.2024 ലെ K1-8669/11 നമ്പർ കത്ത്
5. 5-10-2024 ലെ സഉ(സാധാ)നം 1936/2024/LSGD
6. തിരുവനന്തപുരം ജില്ലാകളക്ടറുടെ 19.10.2024 ലെ K1-8669/11 നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ഗതാഗത പുനക്രമീകരണത്തിനും അന്തർസംസ്ഥാന ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുമായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട LAR 237/07, 431/07, 358/07, 167/07, 187/07 എന്നീ കേസുകളിൽ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പരാമർശിച്ചവയിൽ എൽ.എ.ആർ 167/07 നം. കേസിൽ നഷ്ടപരിഹാര തുക നൽകുന്നതിന് പരാമർശം (2) പ്രകാരം അധികധന അനുമതിയിലൂടെ അനുവദിച്ച Rs.5,35,91,000/- രൂപ പരാമർശം (3) പ്രകാരം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2. പരാമർശം (3) പ്രകാരം അനുവദിക്കപ്പെട്ട തുക പൂർണ്ണമായും നഷ്ടപരിഹാര തുക

ഒടുക്കുന്നതിനു പര്യാപ്തമാകാതിരുന്ന സാഹചര്യത്തിൽ ബാക്കി തുക (9,62,989 രൂപ) ഉത്തരവ് തീയതി (09.10.2023) മുതൽ മൂന്നുമാസത്തിനകം കെട്ടിവയ്ക്കണമെന്ന വ്യവസ്ഥയിൽ എൽ.എ.ആർ 167/07 നം. കേസുമായി ബന്ധപ്പെട്ട EP 86/2019 നം. കേസ് തീർപ്പാക്കിയിട്ടുള്ളതാണ് എന്നും പ്രസ്തുത കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഈ തുക അടിയന്തരമായി അനുവദിക്കണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം സബ്കോടതിയിൽ നിലവിലുള്ള മറ്റുള്ള എൽ.എ.ആർ 431/07, 358/07, 187/07, 345/07 എന്നി കേസുകളിൽ നഷ്ടപരിഹാര തുക നൽകിയിട്ടില്ലാത്തതാണ് എന്നും ആയവയിൽ ഉൾപ്പെട്ടിട്ടുള്ള എൽ.എ.ആർ 431/07 നം.കേസിൽ കക്ഷി ഫയൽ ചെയ്തിട്ടുള്ള EP 202/11 നം.കേസിൽ KSRTC യുടെ വാഹനങ്ങൾ ജപ്തി ചെയ്യാൻ ഉത്തരവായിട്ടുള്ളതും നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ് എന്നും ആയതിനാൽ ടി കേസിൽ ഉൾപ്പെടെ മേൽ പരാമർശിച്ച എൽ എ ആർ കേസുകൾക്കുമായി തുക കെട്ടി വയ്ക്കുന്നതിന് 30.09.2024 വരെ പലിശ കണക്കാക്കിയതിൻ പ്രകാരം Rs.33,53,03,937/- (മുപ്പത്തി മൂന്ന് കോടി അൻപത്തി മൂന്നു ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി മുപ്പത്തി ഏഴ് രൂപ മാത്രം) അനുവദിച്ചുനല്കണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു 30.09.2024-വരെ പലിശ പലിശ കണക്കാക്കിയതിൻ പ്രകാരം Rs.33,53,03,937/- (മുപ്പത്തി മൂന്ന് കോടി അൻപത്തി മൂന്നു ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപയ്ക്കുള്ള ഭരണാനുമതി നൽകി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിരുന്നു.

4. 30.09.2024 എന്ന സമയപരിധി കഴിഞ്ഞു പോയ സാഹചര്യത്തിൽ, മേൽ പറഞ്ഞ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള തുക, വിധിക്കട തുക അനുവദിക്കാൻ പര്യാപ്തമല്ലതായിമാറിയതിനാൽ ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു 30.11.2024 വരെ അധികരിച്ച തീയതി അടിസ്ഥാനപ്പെടുത്തി പലിശകണക്കാക്കി താഴെ പറയും പ്രകാരം ആകെ 33,75,99,631/-രൂപയുടെ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) പ്രൊപോസൽ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ചിരുന്നു.

| LAR No and EP No. | Name of Claimant | Extent acquired and Survey No. | Enhanced compensation allowed by the Court and date of judgement / Decree | Amount to be deposited as per court order, based on the interest calculated up to 30.11.2024 |
|---|---|---|---|---|
| 431/07 EP 202/11 | 1. PK Rajan Babu, TC 36/1867(1) Mangalssery, SNRA-42 (A), Puthenpalam, Vallakadavu | 18.40 Ares (1698 of Pettah Village in Thiruvananthapuram | Rs.23,14,208/- Decree dated 13.01.2010 of Second additional | Rs. 1,24,47,102/- |

| | | | | |
|---|---|---|---|---|
| | P.O, Thiruvananthapuram 2. S Krishnakumari,TC 36/1867(1) Mangalssery, SNRA-42 (A), Puthenpalam, Vallakadavu P.O, Thiruvananthapuram | taluk) | sub Court, Thiruvanathapuram in LAR 431/07 | |
| LAR 358/07 EP 195/19 | 1. sanal Kumari, TC.36/107, Puthen Pane Veedu, Perumthani, Thiruvananthapuram 2.S Venugopal, Parambil veedu,Perumthani, Thiruvananthapuram | 0.55 Ares (1621/6-1 of Pettah Village in Thiruvananthapuram taluk) | Rs. 2,58,115/- Judgement dated 28.03.2019 of Second additional sub Court, Thiruvanathapuram in LAR 358/07 | Rs.2,28,753/- |
| LAR 345/07 EP 631/10 | Ummesh M/s MGF (India)Thiruvnanathapuram | 30.50 Ares (1701/1, 1702, and 1703/1 of Pettah Village in Thiruvananthapuram taluk) | Rs.30,44,145/- Order dated 22.02.2010 of Second additional sub Court, Thiruvanathapuram in LAR 345/07 | Rs.41,99,932/- |
| LAR 187/07 EP 321/21 | K Madahavan Nair (Power of Attorney Holder) East- West Hotels Ltd 66 Residency Road, Bangalore 560025 | 53 Ares (1623/1 and 1623/2-2 of Pettah Village in Thiruvananthapuram taluk) | Rs.5,92,24,320/- order dated 15.01.2010 of Second additional sub Court, Thiruvanathapuram in LAR 187/07 & Judgement dated 01.08.2018 of Honble High Court in LAA No. 523/2011 | Rs.31,97,06,951/- |
| Balance amount to be deposited in LAR 167/07 and EP 86/19 filed by Nafeesa jasmine & others | | | | 10,16,893/- |
| | **TOTAL** | | | **Rs.33,75,99,631/-** |

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള മേൽ പരമർശിച്ച തുക അടവാക്കുന്നതിനു 30.11.2024 വരെ അധികരിച്ച തീയതി അടിസ്ഥാനപ്പെടുത്തി പലിശ കണക്കാക്കിയതിൻ പ്രകാരം 33,75,99,631/-രൂപയുടെ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

ജില്ലാകളക്ടർ, തിരുവനന്തപുരം

സ്പെഷ്യൽ ഓഫീസർ, ക്യാപിറ്റൽ റീജിയൺ ഡെവലപ്‌മെന്റ് പ്രോജക്ട്
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെ എസ് ആർ റ്റി സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ട്രാൻസ്പോർട്ട് (എ ) വകുപ്പ്
ധനകാര്യ (ഡവ) വകുപ്പ് (Dev 2/95/2022/Fin)

ഉത്തരവിൻ പ്രകാരം
**Signed by Manish V V**
**Date: 24-10-2024 15:13:33**

സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്